# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6802** **04.04.2018-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് സി.ആർ.ഇസഡ്.ക്ലിയറൻസ്</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| സംസ്ഥാനത്തെ തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപിക്കുന്നതിനുള്ള നടപടികൾ (സി.ആർ.ഇസഡ്.ക്ലിയറൻസ്) സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ആയതിന് വേണ്ടി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്ത് തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ വീടുകൾ നിർമ്മിക്കുന്നതിന് സി.ആർ.ഇസഡ് ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിലാണ് അപേക്ഷ നൽകേണ്ടത്. പരിസ്ഥിതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയാണ് സി.ആർ.ഇസഡ് ക്ലിയറൻസ് നൽകുന്നത്. സി.ആർ.ഇസഡ് ക്ലിയറൻസിനുവേണ്ടി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ ലഭ്യമായ അപേക്ഷകൾ തീർപ്പാക്കി വരികയാണ്. 66$m^2$ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് സി.ആർ.ഇസഡ് ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരവും കടൽ തീരമാണെങ്കിൽ അവികസിത മേഖലയ്ക്ക് (എൻ.ഡി.ഇസഡ്) പുറത്ത് 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള 250$m^2$ വരെ തറ വിസ്തീർണ്ണമുള്ള ഭവന നിർമ്മാണത്തിനും കായൽ തീരത്ത് വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനുള്ളിൽ 250$m^2$ വരെ തറ വിസ്തീർണ്ണമുള്ള ഭവന നിർമ്മാണത്തിനും സി.ആർ.ഇസഡ് ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരവും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാതല കമ്മിറ്റികൾക്ക് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ജില്ലാതല കമ്മിറ്റികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പരിസ്ഥിതി വകുപ്പ് സ്വീകരിച്ചു വരികയുമാണ്. |

**സെക്ഷൻ ആഫീസർ**